**വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ. ഹരിത വി.കുമാർ,ഐ.എ.എസ്)

വിഷയം:- വനിതാ ശിശു വികസന വകുപ്പ് –ജീവനക്കാര്യം-ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1) വനിതാ ശിശുവികസന ഡയറക്ടറുടെ 19/10/2023 തീയതിയിലെ DWCD/2499/2025/E8 നമ്പർ ഉത്തരവ്

2) വനിതാ ശിശുവികസന ഡയറക്ടറുടെ 17/07/2025 തീയതിയിലെ DWCD/1349/2025/E9 നമ്പർ ഉത്തരവ്

3) ശ്രീ ശിവകുമാർ.ആർ, ജൂനിയർ സൂപ്രണ്ടിന്റെ 25/06/2025 തീയതിയിലെ അപേക്ഷ

**ഉത്തരവ് നം. DWCD/3/2025-E7 തീയതി: 20-07-2025**

വനിതാ ശിശുവികസന വകുപ്പിൽ പരാമർശം(2) പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചത് മുഖേന ജൂനിയർ സൂപ്രണ്ട് തസ്തികയിൽ 2 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്. പരാമർശം(1) പ്രകാരമുള്ള ഹെഡ് അക്കൗണ്ടന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ സീനിയോരിറ്റി നം.(21) വരെയുള്ള ഉദ്യോഗക്കയറ്റത്തിന് യോഗ്യരായ ജീവനക്കാർക്ക് ഇതിനോടകം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിച്ചിട്ടുണ്ട്. ഈ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുന്ന ഹെഡ് അക്കൗണ്ടന്റ് തസ്തികയിലെ നിരീക്ഷണകാലം പൂർത്തീകരിച്ച ചുവടെ പറയുന്ന ജീവനക്കാർക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് അർഹതയുണ്ട്.

സീനിയോരിറ്റി നം.(22) ശ്രീമതി സൗമ്യ ആർ.എസ്

സീനിയോരിറ്റി നം.(23) ശ്രീ പ്രദീഷ് ചാലാടൻ

ഈ സാഹചര്യത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിലവിലുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം(3) പ്രകാരം ലഭിച്ച സ്ഥലംമാറ്റ അപേക്ഷ പരിഗണിച്ച് ചുവടെ പറയുംപ്രകാരം സ്ഥലം മാറ്റം അനുവദിച്ചും ഉദ്യോഗക്കയറ്റത്തിന് അർഹരായ മേൽ സൂചിപ്പിച്ചിട്ടുള്ള ഹെഡ് അക്കൗണ്ടന്റുമാർക്ക് KS&SSR ചട്ടം 28A(1) പ്രകാരം 43400-91200/- രൂപ ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി ചുവടെ പേരിനു നേരെ ചേർത്തിട്ടുള്ള കാര്യാലയങ്ങളിൽ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ്ഥലംമാറ്റം**

| ക്രമ നം | പേര് ,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | സ്ഥലംമാറ്റം നൽകി നിയമിക്കുന്ന കാര്യാലയം | അഭിപ്രായം |
|---|---|---|---|
| 1 | ശ്രീ ശിവകുമാർ ആർ<br>ഐ.സി.ഡി.എസ് ദേവികുളം അഡീഷണൽ | ഐ.സി.ഡി.എസ് വടവുകോട് | അപേക്ഷ<br>(അനുകമ്പാർഹമായ പരിഗണന) |

<u>ഉദ്യോഗക്കയറ്റം</u>

| ക്രമ നം | പേര്,തസ്തിക,ഇപ്പോൾ ജോലി നോക്കുന്ന കാര്യാലയം | ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്ന തസ്തിക, കാര്യാലയം |
|---|---|---|
| 1 | ശ്രീമതി സൗമ്യ ആർ.എസ്<br>ഹെഡ് അക്കൗണ്ടന്റ്<br>വനിതാ ശിശുവികസന ഡയറക്ടറേറ്റ്<br>പെൻ നം.212084 | ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് ദേവികുളം അഡീഷണൽ |
| 2 | ശ്രീ പ്രദീഷ് ചാലാടൻ<br>ഹെഡ് അക്കൗണ്ടന്റ്<br>ഐ.സി.ഡി.എസ് തലശ്ശേരി<br>പെൻ നം.273052 | ജൂനിയർ സൂപ്രണ്ട്<br>ഐ.സി.ഡി.എസ് മാനന്തവാടി |

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് ചട്ട പ്രകാരമുള്ള ശമ്പള നിർണ്ണയത്തിനും നിയമാനുസൃത പ്രവേശനകാലത്തിനും യാത്രാബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്. സ്ഥലം മാറ്റം/ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട കാര്യാലയ മേധാവികൾ ഉടൻ പ്രാബല്യത്തിൽ വിടുതൽ ചെയ്യേണ്ടതും, ജീവനക്കാരുടെ വിടുതൽ / പ്രവേശനം സംബന്ധിച്ച വിവരം ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

HARITHA V KUMAR IAS

**വനിതാ ശിശു വികസന ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

പകർപ്പ് :

1) ബന്ധപ്പെട്ട കാര്യാലയ മേധാവികൾക്ക്
2) സൂപ്രണ്ട്-ഐ.റ്റി സെൽ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3) സ്റ്റോക്ക് ഫയൽ/സ്പെയർ

**ഉത്തരവിൻ പ്രകാരം**

Signed by
Chithra T
Date: 21-07-2025 11:39:51

**സൂപ്രണ്ട്**